

*വടശേരിക്കര സെന്റ് ആന്റണീസ് മലങ്കര കത്തോലിക്കാ പള്ളിയിലെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ മാർ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്കാ ബാവാ സമാപന സന്ദേശം നൽകുന്നു.*

# പാവപ്പെട്ടവരുടെയും നിരാലംബരുടെയും പക്ഷത്തു സഭ നിൽക്കണം: ക്ലിമ്മിസ് ബാവാ

വടശേരിക്കര: സമൂഹത്തിന്റെ നവീകരണത്തിനും നാടിന്റെ പുരോഗതിക്കും ജൂബിലി ആഘോഷങ്ങൾ കാരണമായിത്തീരണമെന്ന് മാർ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്കാ ബാവാ പറഞ്ഞു.

വടശേരിക്കര സെന്റ് ആന്റണീസ് മലങ്കര കത്തോലിക്കാ പള്ളിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. പാവപ്പെട്ടവരുടെയും നിരാലംബരുടെയും പക്ഷത്തു നിൽക്കുകയാണ് സഭയുടെ ഉത്തരവാദിത്തം.

ഡോ. ജോസഫ് മാർ തോമസ് അധ്യക്ഷത വഹിച്ചു. ഫാ. തോമസ് കുരുവിള, ഫാ. ജോൺ വർഗീസ്, ലിജു ജോർജ്, കെ. ജി. ഏബ്രഹാം കോന്നാത്ത്, സാം കോട്ടേക്കാവനാൽ എന്നിവർ പ്രസംഗിച്ചു. സഭയുടെ വളർച്ചയിൽ നിർണായക പങ്കു വഹിച്ചവരെ ചടങ്ങിൽ ആദരിച്ചു.

നേരത്തെ ഘോഷയാത്രയോടെ കാതോലിക്കാ ബാവാ അടക്കമുള്ള വിശിഷ്ടാതിഥികളെ സ്വീകരിച്ചു. ജൂബിലി കുർബാന, കുട്ടികളുടെ ആദ്യകുർബാന സ്വീകരണം എന്നിവയും നടത്തി.

ജൂബിലിയുടെ ഭാഗമായി എട്ട് വരെ വിവിധ സംഗമങ്ങൾ നടക്കും. ഒൻപതിനു രണ്ടിന് കുർബാന, 3.30ന് ജൂബിലി റാലി എന്നിവ നടക്കും. അഞ്ചിന് സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യും.

മാർ ബസേലിയോസ് ക്ലിമ്മിസ് കാതോലിക്കാ ബാവാ അധ്യക്ഷത വഹിക്കും.